പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 191 — 06.01.2014 ൽ മറുപടിക്ക്

## സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, ടി.എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(എ) യും (ബി) യും

ഉണ്ട്.
സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂൾ പരിസരങ്ങളിലും പ്രധാന ജംഗ്ഷനുകളിലും ഗതാഗത സുരക്ഷ ഉറപ്പുവരുത്തുക.
2. സ്കൂളിന്റെ പരിസരങ്ങളിലും മറ്റും മദ്യം, മയക്കമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, പാൻ മസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും വിതരണവും തടയുന്നതിന്റെ ഭാഗമായി ഇവരുടെ സഹായത്താൽ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ടവരെ അറിയിക്കുക.
3. പഠനസമയങ്ങളിൽ വിദ്യാർത്ഥികൾ ക്ലാസ്സുകൾ ഉപേക്ഷിച്ച് നിയമവിരുദ്ധ അസാന്മാർഗ്ഗിക പ്രവർത്തികളിൽ ഏർപ്പെടുന്നതിനെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുക.
4. വിദ്യാർത്ഥികളെ നിയമവിരുദ്ധവും അസാന്മാർഗ്ഗിക പ്രവർത്തികൾക്കും മറ്റുമായി ഉപയോഗപ്പെടുത്തുന്നവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അത്തരക്കാരെ നിരീക്ഷിക്കുക.

(സി) ആരെയെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നത്; വിശദമാക്കുമോ;

(സി) സ്കൂൾ മേലധികാരി ചെയർപേഴ്സണായും, കൺവീനറായി പോലീസ് എസ് . എച്ച് .ഒ.യും, ജോയിന്റ് കൺവീനറായി എസ് .എച്ച് .ഒ. ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനും, മെമ്പർമാരായി വാർഡ് കൗൺസിലർ/ മെമ്പർ, സ്കൂൾ ലീഡർ, സമ്മതരായ 2 രക്ഷിതാക്കൾ, സമ്മത

രായ 2 അദ്ധ്യാപകർ, പരിസരത്തെ സമ്മതനായ ഒരു വ്യാപാരി, സമ്മതനായ ഒരു ഓട്ടോഡ്രൈവർ, ജാഗ്രതാ സമിതി മെമ്പർ/ എസ്.പി.സി, സമ്മതനായ ഒരു തദ്ദേശവാസി എന്നിവരെ ഉൾപ്പെടുത്തിയാണ് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്.

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) അതാത് ജില്ലാ പോലീസ് മേധാവികൾ ഈ പദ്ധതി അവലോകനം ചെയ്യുന്നു. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ /ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് ജില്ലാ നോഡൽ ഓഫീസർമാർ • ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പോലീസ് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും, വിദ്യാഭ്യാസ വകുപ്പുമായും സഹകരിച്ച് പ്രവർത്തിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ